LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി മന്ദിരങ്ങളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് നടപടി

137 (5542) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ ഇതുവരെ ഓരോ വർഷവും വൈദ്യുതി ചാർജ്ജിനത്തിൽ ഓരോ മന്ത്രി മന്ദിരത്തിലും എന്ത് തുക വീതം ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) മന്ത്രി മന്ദിരങ്ങളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(സി) ഇത്തരം സംവിധാനങ്ങൾ നടപ്പിലാക്കുക വഴി മന്ത്രി മന്ദിരങ്ങളിലെ കഴിഞ്ഞ വർഷത്തെ വൈദ്യുതി ഉപഭോഗത്തെക്കാൾ ഈ വർഷം ഇതു വരെയുള്ള കാലയളവിൽ ഓരോ മാസവും എത്ര ശതമാനം വൈദ്യുതി ഉപഭോഗം കുറയ്ക്കാനായി എന്ന വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഊർജ്ജ സംരക്ഷണ പ്രവർത്തനഫലമായി വൈദ്യുതോപഭോഗത്തിലുണ്ടായ കുറവ്

138 (5543) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക-സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു;

(ബി) ഈ സർക്കാരിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എത്ര മെഗാവാട്ട് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുവാൻ കഴിഞ്ഞെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-06 ലെ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ. ബോർഡിന്റെ പദ്ധതികൾ വഴി 49.2 മെഗാവാട്ടിന്റെ പദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി.

(ബി) എനർജി മാനേജ്മെന്റ് സെന്ററിന്റെ ഊർജ്ജ സംരക്ഷണ പരിപാടികളിലൂടെ നേടാനായ ഊർജ്ജ ലാഭം 89.2 മെഗാവാട്ട് ആണ്. 2010-ൽ 17-ാം പവർ സർവ്വേ പ്രകാരം പ്രതീക്ഷിച്ചിരുന്ന പീക്ക് ലോഡ് ആവശ്യകതയായ 3159 മെഗാവാട്ട് എന്നത് സി.എഫ്.എൽ. വിതരണമടക്കമുള്ള വിവിധ ഊർജ്ജ സംരക്ഷണ പദ്ധതികൾ മുഖേന ഏപ്രിൽ മാസത്തിൽ 2837 മെഗാവാട്ടായും മേയ് മാസത്തിൽ 2930 മെഗാവാട്ട് ആയും കുറയ്ക്കാനും കഴിഞ്ഞു.